# വനവും ആദിവാസികളും

**കേരളത്തിലെ** കാടുകളിലെ സ്ഥിതി എന്താണ്? കേരളത്തിലെ കാടുകളിൽ അധിവസിക്കുന്ന ആദിവാസികളുടെ സ്ഥിതി എന്താണ്? കാട് നഷ്ടപ്പെട്ട കുടിയൊഴിപ്പിക്കപ്പെട്ട ഗോത്ര ജനതയുടെ ജീവിതമെങ്ങനെ?

പശ്ചിമഘട്ടം കേരളത്തിന്റെ മാത്രമല്ല; തമിഴ്നാട്, കർണാടക, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെയും അടിസ്ഥാനമാണ്. വെറും കാടെന്നോ വനമെന്നോ നിലയിലല്ല, ഈ പ്രദേശങ്ങളുടെ പുഴകളുടെയും മണ്ണിന്റെയും വായുവിന്റെയും കൃഷിയുടെയും ജന്തുജീവജാലങ്ങളുടെയും അടിത്തറയാണത്. 2006ലെ വനാവകാശ നിയമം ആദിവാസികൾക്ക് വനത്തിൻമേലുള്ള അവരുടെ പരമ്പരാഗത അവകാശങ്ങൾ ഉറപ്പിക്കാൻ വേണ്ടി മാത്രമല്ല നിയമപരവും സാമൂഹികവും അന്തസ്സോടെയുമുള്ള ജീവിതത്തിനുവേണ്ടി കൂടിയുള്ളതായിരുന്നു. അതോടൊപ്പം നിലവിലുള്ള കാടുകളുടെ സംരക്ഷണത്തിനും. വനവും ആദിവാസികളും അതിവേഗം അപൂർവ്വമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് പൊതുസമൂഹത്തിന്റെ ഈ മേഖലയിലുള്ള അറിവും നീതിബോധവും എത്രത്തോളമുണ്ട്? നമ്മുടെയെല്ലാം നിലനിൽപ്പ് പരസ്പരാശ്രിതമാണ് എന്ന പൊതുബോധത്തിന്റെ അടിസ്ഥാനത്തിലുള്ള, പരിസ്ഥിതി സംരക്ഷണവും ഗോത്രജീവിതവും കൂടിച്ചേർന്നേ നിലനിൽക്കൂ. ഭൂമി, കാട്, ജന്തുജീവ ജാലങ്ങൾ, ആദിവാസികൾ ഉൾപ്പെട്ട നമ്മളെല്ലാവരും ഈ യാഥാർത്ഥ്യബോധത്തിലേക്ക് ഉണരേണ്ടതുണ്ട്. ഇനി കളയാൻ നമുക്ക് കാടില്ല, നാശത്തിന് വിട്ടുകൊടുക്കാൻ ആദിവാസികളും എന്ന അടിയന്തരത്വത്തിലേക്ക് നമ്മെ നയിക്കാൻ പര്യാപ്തമാകുന്ന വസ്തുതകളാണ് നമ്മളെ തുറിച്ച് നോക്കുന്നത്.

അതിജീവന സമരത്തിലേർപ്പെട്ട ആദിവാസികളുൾപ്പെട്ട ഗോത്രജനതയും, കോർപ്പറേറ്റുകളുടെ അധിനിവേശത്തിനെതിരെ സമരം ചെയ്യുന്ന മനുഷ്യരുമാണ് ഇന്ന് ഇന്ത്യയിലെയും യാഥാർത്ഥ്യം. ഭരണമെന്നത് വിഭവങ്ങൾ കൊള്ളയടിക്കുന്ന കോർപ്പറേറ്റുകൾക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന വഞ്ചനയാകുന്നു. ജനകീയ രാഷ്ട്രീത്തിന്റെ ഒഴിഞ്ഞുപോക്കിൽ മാഫിയകൾ മാത്രം വേരുപിടിക്കുന്നു. അപ്പോഴും പ്രതിസന്ധി നമ്മുടേത് തന്നെ. നമ്മളുടെ വിഭവങ്ങൾ സുരക്ഷിതമായും സ്ഥായിയായും നീതിപൂർവ്വകമായും സംരക്ഷിക്കാനും ജീവിക്കാനും നമുക്കെങ്ങനെ കഴിയും? കൂടുതൽ വികേന്ദ്രീകരിച്ച്, ജനാധിപത്യത്തിലൂടെയുള്ള നിരന്തര ശ്രമങ്ങളിലൂടെ കൂടുതൽ സ്വയം ഭരണത്തിലേക്കെത്തണം. പാരിസ്ഥിതിക അവബോധത്തിന്റെ പ്രകടലക്ഷണങ്ങളായി കരുതുന്ന വിവിധ ജനകീയ സമരങ്ങളും വേണ്ടത്ര അഭിമുഖീകരിക്കാതെ പോകുന്ന, ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന പശ്ചിമഘട്ടത്തിലെ വനങ്ങളും അവിഭാജ്യഘടകമായ ആദിവാസികളും അവരുടെ ജീവിതത്തിൻമേൽ നിർണ്ണായക പങ്കുള്ള വനാവകാശത്തിൻമേൽ ഒരു നോട്ടം ഈലക്കം കേരളീയത്തിലുണ്ട്. വികസിതവും പരിഷ്കൃതവുമായ ഒരു സമൂഹം അതിന്റെ ഉറവിടങ്ങളിലേക്ക് ജാഗ്രതയോടെ നടത്തുന്ന അന്വേഷണത്തിന് തുടക്കമാക്കാൻ നമ്മളേവരും ഈവിഷയങ്ങളിൽ പങ്കാളികളായേ മതിയാവൂ. കാരണം നമുക്ക് ജീവിക്കാൻ മറ്റൊരു ഭൂമിയില്ല.